**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **05-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിനു കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിനു സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പരിമിതമായ സൗകര്യങ്ങളിലാണ് ഓഫീസ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിനു സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | ലീഗൽ മെട്രോളജി വകുപ്പിന് കീഴിലുള്ള വിവിധ ജില്ലാതല ഓഫീസുകളായ ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, ഡെപ്യൂട്ടി കൺട്രോളർ (ഫ്ലയിങ് സ്ക്വാഡ്) ഓഫീസ്, അസിസ്റ്റന്റ് കൺട്രോളർ ഓഫീസ്, ഇൻസ്പെക്ടർ സർക്കിൾ-2 എന്നിവ ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഒരു ജില്ലാ ആസ്ഥാന മന്ദിരം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലാ ലീഗൽ മെട്രോളജി ഓഫീസിനു കീഴിലുള്ള വിവിധ ജില്ലാതല ഓഫീസുകളായ ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, ഡെപ്യൂട്ടി കൺട്രോളർ (ഫ്ലയിങ് സ്ക്വാഡ്) ഓഫീസ്, അസിസ്റ്റൻറ് കൺട്രോളർ ഓഫീസ്, ഇൻസ്പെക്ടർ സർ ക്കിൾ-2 എന്നിവ ഒരേ കുടക്കീഴിൽ കൊണ്ടു വരുന്നതിനായി ഒരു ജില്ലാ ആസ്ഥാന മന്ദിരം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | പ്രസ്തുത ജില്ലാ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രസ്തുത ജില്ലാ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് പ്രത്യേകമായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ